പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2979 | | 13.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ പരിപാലന ആവശ്യകതാ സർവ്വേ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അനൂപ് ജേക്കബ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് മാലിന്യ പരിപാലന ആവശ്യകതാ സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർവ്വേയിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ എന്തൊക്കെ ആയിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. സർവേയിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ ചേർത്തിരിക്കുന്നു.<br>• 22% വീടുകളിൽ ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നു.<br>• 76% വീടുകളിൽ ജൈവമാലിന്യം വിവിധ രീതികളിൽ ഉറവിടത്തിൽ സംസ്കരിക്കുന്നു.<br>• 44% വീടുകളിൽ കമ്പോസ്റ്റിംഗ് നടത്തുന്നു.<br>• 11.57% വീട്ടുകാർ അഴുകുന്ന മാലിന്യം വലിച്ചെറിയുന്നു.<br>• 38.92% കുടുംബങ്ങൾ അഴുകാത്ത മാലിന്യം വലിച്ചെറിയുന്നു.<br>• 27% വീടുകളിൽ മലിന ജലം സോക്പിറ്റിലേയ്ക്ക് വിടുന്നു. 34% മരച്ചുവട്ടിലേയ്ക്ക് വിടുന്നു.<br>• 43% വീടുകളിൽ ജ്യൂട്ട്/തുണി സഞ്ചി ഉപയോഗിക്കുന്നു.<br>• 57% വീടുകളിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളാണ് സാധനം വാങ്ങാൻ ഉപയോഗിക്കുന്നത്.<br>• 49% വീട്ടുകാരും മാലിന്യ സംസ്കരണത്തിന് ഫീസ് നൽകാൻ സന്നദ്ധരാണ്. |
| (ബി) | സർവ്വേയുടെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ? | (ബി) | സർവേയിലൂടെ ലഭ്യമായ വിവരങ്ങളുടെയടിസ്ഥാനത്തിൽ ഖര-ദ്രവ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗരേഖപ്രകാരം എടുത്തുവരുന്നുണ്ട്. ആയതിൻറെ ഭാഗമായി സംസ്ഥാനത്തെ 689 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ചു കഴിഞ്ഞു. മറ്റിടങ്ങളിൽ ഹരിത കർമസേന രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. 153 തദ്ദേശ |

| | | | | |
|---|---|---|---|---|
| | | | | സ്വയംഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി (എം.സി.എഫ്) സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ 78 എണ്ണം റിസോഴ്സ് റിക്കവറി ഫസിലിറ്റിയും (ആർ.ആർ.എഫ്) സ്ഥാപിച്ചു കഴിഞ്ഞു. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റിയും നഗരസഭ/ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫസിലിറ്റിയും സ്ഥാപിച്ച് അജൈവ മാലിന്യ പരിപാലനം ചിട്ടപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. പുന:ചംക്രമണവിധേയമല്ലാത്ത പ്ലാസ്റ്റിക് ഷ്രെഡുചെയ്ത് റോഡ് ടാറിങ്ങിനുപയോഗിക്കുന്നതിലേക്ക് ഇതിനകം 49 പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. എല്ലാ റിസോഴ്സ് റിക്കവറി ഫസിലിറ്റികളിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും വേണ്ട നടപടികൾ പുരോഗമിക്കുന്നു.<br>2016-17 വർഷം മുതൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും നഗരസഭകൾ 15% വും പഞ്ചായത്തുകൾ 10% വും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി വയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. 2018-19-ലെ വാർഷിക പദ്ധതി രൂപീകരണ മാർഗരേഖയിലും മുൻപരാമർശിച്ച നിബന്ധന തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ